പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3194 | 21.06.2013 ൽ മറുപടിയ്ക്ക് |

**മാതൃകാ അംഗൻവാടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. എം. ആരിഫ് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്താകെ എത്ര മാതൃകാ അംഗൻവാടികൾ നിർമ്മിക്കുവാനുള്ള ഉത്തര വാണ് ഇറങ്ങിയിട്ടുള്ളത്; എവിടെയെല്ലാമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത് ; എത്ര രൂപയാണ് ഒരു അംഗൻ വാടിക്ക് നിർമ്മാണ തുക കണക്കാക്കിയിട്ടുള്ളത് ; | (എ) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 140 മാതൃകാ അംഗൻവാടികൾ സ്ഥാപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിൽ വിവിധ നിയോജകമണ്ഡലങ്ങളിലായി 83 അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കി ഉയർത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ വാമനപുരം, നേമം, പാറശ്ശാല, നെയ്യാറ്റിൻകര, മഞ്ചേശ്വരം, ഉദുമ എന്നീ നിയോജക മണ്ഡലത്തിലെ മാതൃകാ അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിന് കിറ്റ്കോ ലിമിറ്റഡിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഒരു മാതൃകാ അംഗൻവാടിക്ക് 23,75,000/- രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. |
| (ബി) ആയതിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നത് ആരാണ് ; നിർമ്മാണം നടത്തുന്നത് ആരാണ് ; എം.എൽ.എ ഫണ്ട് വിഹിതം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; | (ബി) കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനമാണ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുള്ളത്. നിർമ്മാണ ചുമതലയും ടി സ്ഥാപനത്തിനാണ്. എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 6,75,000/- രൂപ മാതൃകാ അംഗൻവാടി കെട്ടിട നിർമ്മാണത്തിന് വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) എം. എൽ.എ ഫണ്ട് മറ്റ് ഏതെങ്കിലും ഫണ്ടുമായി കൂട്ടിച്ചേർത്ത് ഉപയോഗിക്കുന്നു വെങ്കിൽ ധനകാര്യ വകുപ്പ് പ്രത്യേക ഉത്തരവിറ ക്കേണ്ടതുണ്ടെന്നറിയാമോ; അപ്രകാരം ഉത്തര വിറക്കിയിരുന്നോ; | (സി) എം.എൽ.എ ഫണ്ട് വകുപ്പിന്റെ ഫണ്ടുമായി ചേർത്ത് ഉപയോഗിക്കുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ മാതൃകാ അംഗൻവാടിയുടെ നിർമ്മാണം എന്ന് ആരംഭിക്കും; അരൂർ മണ്ഡ ലത്തിൽ നബാർഡ് സഹായത്തോടെ 5 സെന്റ് വീതമുള്ള ഏതെല്ലാം അംഗൻവാടികൾക്കാണ് പുതിയ കെട്ടിടം അനുവദിക്കുന്നത്; ഇതുവരെ അനുവദിച്ചിട്ടില്ലെങ്കിൽ ആയത് അനുവദിക്കു- വാനുള്ള സത്വര നടപടി സ്വീകരിക്കുമോ? | (ഡി) ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകുന്നതാണ്. നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മാണം/ പുനഃരുദ്ധാരണം നടത്തുന്നതിലേക്കാവശ്യമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതു പ്രകാരം പ്രൊപ്പോസലുകൾ ലഭ്യമായിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ